# ക്ഷമ

## കരുണാകരൻ



ക്ഷമ
കരുണാകരൻ
(മലയാളം: കവിതകൾ)

© 2021, Karunakaran

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Ljubomir Simonović, A painting by Ivan Veličković. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ക്ഷമ

“I’m rotten with Literature”[1]



രണ്ടു ഷെൽഫുകൾ നിറയെ
പുസ്തകങ്ങൾ ഭംഗിയിൽ വെച്ചുകൊണ്ടുള്ള
അവളുടെ ഇരിപ്പുമുറിയുടെ ഫോട്ടോ

എന്തിനെനിക്കുതന്നെ അയച്ചു, ഉറങ്ങാതെ

രാത്രി മുഴുവൻ കഴിച്ചുകൂട്ടുന്ന
വീട്ടുമൃഗത്തിന്റെ വീണ്ടുവിചാരത്തിലകപ്പെട്ട
ഈ സമയത്ത്.

ഇതിൽ യൂറോപ്പിൽ നിന്നും
അമേരിക്കയിൽ നിന്നും
ഏഷ്യയിൽ നിന്നുമുള്ള എഴുത്തുകാരുണ്ട്
ആഫ്രിക്കയിൽ നിന്നുമുള്ള എഴുത്തുകാരുണ്ട്.

അവൾ എഴുതുന്നു.

നിനക്കിഷ്ടമുള്ള എഴുത്തുകാരന്റെ
എല്ലാ പുസ്തകങ്ങളുമുണ്ട്.

ഇപ്പോൾ നീ ഉറങ്ങാൻ നിൽക്കരുത്.
ഈ രാത്രി നീ
എന്റെ വീട്ടിൽ വന്ന് താമസിക്ക്.

ഞാൻ, പക്ഷേ, അവൾക്ക്
എന്റെ സങ്കടങ്ങൾ എഴുതുന്നു:


ഇവിടെ എന്റെ അടുക്കളയിലെ സിങ്കിൽ
ഒരു പശു കിടന്നുറങ്ങുന്നു.
അതിനെ അമ്മ ഒരു അറവുകാരന്റെ
കൈയ്യിൽ നിന്നും വാങ്ങിയതാണ്.
പിന്നെ എനിക്ക് സമ്മാനിച്ചതാണ്.

അതിനെ ഞാൻ എന്ത് ചെയ്യും.

അതുമാത്രമല്ല, എന്റെ മേശപ്പുറത്ത്
മുട്ടയിടാനായി ഒരു കോഴി
അതിന്റെ ഊര ഇടയ്ക്കൊക്കെയും
പൊന്തിയ്ക്കുന്നു.

മുട്ട താഴെ വീണു പൊട്ടില്ലേ.

നോക്ക്, ഞാൻ വാതിൽ കുറ്റിയിട്ടിട്ടില്ല.
നീ ഇങ്ങോട്ട് വേഗം വാ, ആരും കാണില്ല.



പാറാവുകാരന്റെ പിറകിലൂടെ വാ,
അയാളുടെ ചെവികളിൽ ഇപ്പോൾ
ഒരു തുമ്പി മൂളുകയാണ്
പാവമാണ്, ചത്തുപോയ ഭാര്യയുടെ കൂടെ
ഉറക്കം തൂങ്ങുകയാണ്.

അതുപോട്ടെ, നിന്റെ അലമാരിയിൽ
നേപ്പാളിൽനിന്നുമുള്ള
കവികൾ ഉണ്ടോ, പേരിനെങ്കിലും.
ഞാൻ ചോദിക്കുന്നു.

അതിനുതാഴെ അവൾ ഹ ഹ ഹ എന്നെഴുതുന്നു
അതിനു താഴെ ഞാനും ഹ ഹ ഹ എന്നെഴുതുന്നു

എന്തുമാത്രം സുന്ദരിയാണ് ഇപ്പോഴും അവൾ
അവിടെ പകലും ഇവിടെ രാത്രിയും
ഒരുമിച്ചുകഴിയുന്ന ഈ നിമിഷങ്ങളിൽ

പുസ്തകഷെൽഫിന്റെ താഴെ
മിനുസമുള്ള നിലത്ത് അതിലും മിനുസമുള്ള
തലയിണയിൽ തലവെച്ച്
പകൽ മുഴുവൻ അവൾ പുസ്തകം വായിക്കുന്നു.
പകൽ മുഴുവൻ അവൾക്ക് വയസ്സാവുന്നു
രാത്രിയിൽ അവൾ  ഉറങ്ങുന്നു
രാത്രിയിൽ അവൾ തിരിച്ചു നീന്തുന്നു.
ഉറക്കത്തിൽത്തന്നെ അവളെ
അവളുടെ കൈകൾ ഒരുക്കുന്നു
അവളുടെ ചുണ്ടിൽ ചായം തേച്ചുപിടിപ്പിക്കുന്നു
അവളുടെ കണ്ണുകൾ എഴുതി കൊടുക്കുന്നു
അവളുടെ നെറ്റിയിൽ പൊട്ടുകുത്തിക്കൊടുക്കുന്നു
അവളുടെ കൈകളിൽ വളകൾ ഇട്ടുകൊടുക്കുന്നു
അവളുടെ കാലുകളിൽ
കൊലുസുകൾ അണിയിക്കുന്നു
പുസ്തക ഷെൽഫിലെ മൂന്നാമത്തെ തട്ടിലെ
ഉണ്ണിഗണപതി രാത്രി മുഴുവൻ
അവൾക്ക് കാവലിരിക്കുന്നു

അവളുടെ മരണങ്ങളെ അവളുടെ വായന
നിശ്ശബ്ദമായി അനുകരിക്കുന്നു

ഞാൻ അടുക്കളയിലെ സിങ്കിലേക്ക്
ചാഞ്ഞു നോക്കുന്നു:
വരണ്ടുപോയ ഒരു രാജ്യം ഓർമ്മിയ്ക്കുന്നു.

ശരി, ഞാൻ നിന്റെ അരികിലേക്ക് വരുന്നു.
ഞാൻ എഴുതുന്നു. ഈ രാത്രിതന്നെ
ഹ ഹ ഹ എന്ന്
അതിനു താഴെ എഴുതുന്നു.

പിന്നെ അവളുടെ മറുപടിക്ക് കാത്തു നിൽക്കുന്നു
പിന്നെയും അവളുടെ മറുപടിക്ക്
കാത്തുനിൽക്കുന്നു

രാത്രികൾ മാത്രം ഉറപ്പുതരുന്ന ക്ഷമയോടെ.

---

1. ബോർഹസ്സിന്റെ വരി.

# ഏകാന്തതയെക്കുറിച്ച് പറഞ്ഞു കേട്ടിട്ടല്ലേ ഉള്ളൂ



തന്റെ മുറിയിൽ മുഷിഞ്ഞ്
വെറുതെ ഇരിക്കുമ്പോൾ
അന്യരുടെ വീട്
കുത്തിത്തുറക്കുന്നതു സങ്കല്പിക്കുന്ന
ഒരു കവി എന്റെ കൂട്ടുകാരിയാണ്.

പതിമൂന്നു ദിവസം കവിതകളൊന്നും തന്നെ
എഴുതാതെ
അവളുടെ പൂച്ചക്കുഞ്ഞിനോടു മാത്രം
സംസാരിച്ച് പകലും

മരിച്ചുപോയ പ്രിയപ്പെട്ട കവികളുടെ വരികൾ
അവർ ചൊല്ലിയിരുന്നപോലെ
അവതരിപ്പിച്ച് രാത്രിയും

അവൾ തനിച്ചിരിപ്പിന്റെ കൊടുമുടി കാണുന്നു.

പതിനാലാം ദിവസം അവൾ
ഏതെങ്കിലും രാജ്യത്തെ
ഏതെങ്കിലും പട്ടണത്തിലെ
ഏതെങ്കിലും വീട്
ഏതെങ്കിലും സമയത്ത്
കുത്തിത്തുറക്കുന്നു.



മാസമുറകൾ ഉപേക്ഷിച്ച്
മോഹങ്ങൾക്ക് മേൽ
വേറെ വേറെ ഉടലുകൾ പുതപ്പിക്കുന്ന സമയം
അവൾ കവികളുടെ ധീരതയോടെ
അന്യരുടെ വീടുകൾ കൊള്ളയടിക്കുന്നു.
ചിലപ്പോൾ ആ ശ്രമങ്ങളിൽ കൊല്ലപ്പെടുന്നു.

ഏകാന്തതയെക്കുറിച്ച് പറഞ്ഞു കേട്ടിട്ടല്ലേ ഉള്ളൂ,
അവൾ ഒരിക്കൽ എന്നോടു പറഞ്ഞു:
ഞാനതു് വേട്ടയാടുന്നു.

കുറേ മുമ്പുള്ള
ഒരു വെള്ളിയാഴ്ച്ചയായിരുന്നു
അവൾ എന്നെ സന്ദർശിച്ചത്.

പുണ്യവതികൾ
രഹസ്യമായി അനുകരിക്കുന്ന
ഉയർത്തെഴുൽപ്പ് ദിവസംപോലെ
ഒന്നിൽ.

□

## കരുണാകരൻ



കഥാകൃത്ത്, നോവലിസ്റ്റ്, കവി, നാടകകൃത്ത്. പാലക്കാട്ട് ജില്ലയിലെ പട്ടാമ്പി സ്വദേശി. പ്രസിദ്ധീകരിച്ച കൃതികൾ മകരത്തിൽ പറഞ്ഞത് (കഥകൾ – പാഠഭേദം), കൊച്ചിയിലെ നല്ല സ്ത്രീ (കഥകൾ – സൈൻ ബുക്സ്), പായക്കപ്പൽ, (കഥകൾ – ഡി. സി. ബുക്സ്) ഏകാന്തതയെ കുറിച്ച് പറഞ്ഞു കേട്ടിട്ടല്ലേ ഉള്ളു (കഥകൾ – ഡി. സി. ബുക്സ്) അതികുപിതനായ കുറ്റാന്വേഷകനും മറ്റ് കഥകളും (കഥകൾ – ഡി. സി. ബുക്സ്), പരസ്യജീവിതം (നോവൽ – ഡി. സി. ബുക്സ്), ബൈസിക്കിൾ തീഫ് (നോവൽ – മാതൃഭൂമി ബുക്സ്), യുദ്ധകാലത്തെ നുണകളും മരക്കൊമ്പിലെ കാക്കയും (നോവൽ – ഡി. സി. ബുക്സ്), യുവാവായിരുന്ന ഒൻപതു വർഷം (നോവൽ – ഡി. സി. ബുക്സ്), യക്ഷിയും സൈക്കിൾ യാത്രക്കാരനും (കവിതകൾ – ഗ്രീൻ ബുക്സ്) ഉടൽ എന്ന മോഹം (ലേഖനങ്ങൾ – ലോഗോ ബുക്സ്). “യുവാവായിരുന്ന ഒൻപതു വർഷം” എന്ന നോവലിന് ഹൈദരാബാദിലെ നവീന കലാ സാംസ്കാരിക കേന്ദ്രത്തിന്റെ “ഒ. വി. വിജയൻ പുരസ്കാരം” ലഭിച്ചു. കുവൈറ്റിലെ ഒരു സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു.

ചിത്രങ്ങൾ: വി. മോഹനൻ

RIVER VALLEY
DIGITAL LIBRARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ങിറ്റ് | 25 |

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014